ഫണ്ടിലേയ്ക്ക് പ്രതിമാസം KSRTC നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കാമെന്ന് തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതലുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്ത് വരികയാണ്. പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി KSRTC-ക്ക് പെൻഷൻ ചെലവിനത്തിൽ 20 കോടി രൂപ ലാഭിക്കാൻ കഴിയുകയുണ്ടായി. പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്ക് വേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ ഒന്ന് മുതൽ ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ സെസ്സ് തുക ഈടാക്കുന്നതുവഴി പ്രതിമാസം KSRTC-ക്ക് ആറ് കോടിയിൽപ്പരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ആസ്തികളുടെ വിപണിമൂല്യം വർദ്ധിപ്പിക്കുന്നതിനായി M/s.Varma&Varma, Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിച്ച് ആസ്തിമൂല്യം പുനർനിർണ്ണയിക്കുകയുണ്ടായി.

2008-09 മുതൽ 2013-14 വരെ സർക്കാർ KSRTC-യ്ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ച് വരികയാണ്.

കെ.എസ്.ആർ.ടി.സി. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

381 (359) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.-യിലെ താൽക്കാലിക

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കാറ്റഗറിയിൽപ്പെട്ടവരെയാണെന്നും എത്ര പേരെ വീതമാണെന്നും എത്ര വർഷം ജോലി നോക്കിയവരെയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ; ഇവർ നിയമിക്കപ്പെട്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നേരിട്ടോ താൽക്കാലിക അടിസ്ഥാനത്തിലോ എന്നതു വ്യക്തമാക്കുമോ;

(ബി) സ്ഥിരപ്പെടുത്തുന്ന തസ്തികകളിൽ ഏതിലെങ്കിലും പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതോടെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാകുമോ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി.-യിലെ ഭൂരിഭാഗം തസ്തികകളിലേയ്ക്കുമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകാനുള്ള തുക

382 (360) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സൗജന്യ പാസ് ഉൾപ്പെടെയുള്ള ഇനങ്ങളിൽ നാളിതുവരെ സർക്കാർ നൽകേണ്ട ആകെ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) കോർപ്പറേഷനുള്ള മൂലധനവിഹിതം 1:2 എന്ന അനുപാതത്തിൽ സർക്കാർ നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാരിൽ നിന്നും അർഹമായ തുക എത്രയാണ്;

(സി) കെ.എസ്.ആർ.ടി.സി.-യിൽ വരവും ചെലവും തമ്മിലുള്ള അന്തരം കുടിക്കുടി വരികയും ശമ്പളംപോലും നല്കാൻ പറ്റാത്ത അവസ്ഥ വരുകയും ചെയ്ത സാഹചര്യത്തിൽ സർക്കാർ നല്കേണ്ടതായ തുക പൂർണ്ണമായും നല്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യ പ്രതിബദ്ധതയിനത്തിൽ താഴെപ്പറയുന്ന രണ്ട് വിഭാഗക്കാർക്ക് സൗജന്യ പാസ് നൽകുന്നതിനുള്ള ബാധ്യത കോർപ്പറേഷന് തിരിച്ചു നൽകാമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly